ബാദ്ധ്യതയില്ലാത്ത കാര്യങ്ങൾ വച്ചുകൊണ്ട് ഒരു ഉത്തരവ് നേരത്തെ കൊടുത്തു, ഇനിയും അവർക്ക് ചില ഗ്രിവൻസസ് ഉള്ളതായിട്ട് ഗവൺമെന്റിന് മനസ്സിലായിട്ടുണ്ട്. അതുകൊണ്ട് അദ്ദേഹം നിർദ്ദേശിച്ച പ്രകാരം അടിയന്തിരമായും ജീവനക്കാരുടെ യോഗം വിളിച്ചുകൂട്ടി ഗവൺമെന്റിനു സാധിക്കുന്ന എല്ലാ പരിഹാര നടപടിയും സ്വീകരിക്കുന്നതാണ്.

(8) ഇട്ടിവ, കോട്ടുക്കൽ വില്ലേജുകളിൽ ഭൂമിക്ക് കരം സ്വീകരിക്കാത്ത പ്രശ്നം

ശ്രീ. പ്രയർ ഗോപാലകൃഷ്ണൻ: സർ, ചടയമംഗലം നിയോജകമണ്ഡലത്തിൽ ഇട്ടിവ, കോട്ടുക്കൽ വില്ലേജുകളിലായി 1972 മുതൽ പട്ടയം വാങ്ങിയും നിയമാനുസൃതം വിലയ്ക്ക് വാങ്ങിയും അവിടെ അധിവസിച്ചു വരുന്ന 500-ൽ പരം കുടുംബങ്ങൾ ഇന്ന് വളരെ പരിഭ്രാന്തിയിലാണ്. 80 വർഷം മുമ്പ് നടന്നത് എന്നു പറയുന്ന ഒരു കേസിന്റെ അടിസ്ഥാനത്തിൽ 2003 മുതൽ ആ പ്രദേശത്തുള്ള ഭൂ ഉടമകളിൽ നിന്നും വില്ലേജ് ഓഫീസർമാർ കരം ഈടാക്കുന്നില്ല. കരം ഈടാക്കാത്തതിനെത്തുടർന്ന് വസ്തുവിന്റെ ക്രയവിക്രയം നടത്തുന്നതിനും അതുപോലെ ബാങ്കുകളിൽനിന്നുള്ള ലോൺ, കുട്ടികളുടെ വിദ്യാഭ്യാസ ലോൺ, എന്നിവ എടുക്കുന്നതിനും വളരെ ബുദ്ധിമുട്ട് ഉണ്ടാകുന്നു. കോടതിയിൽ നിന്ന് ജാമ്യമെടുക്കാൻ പോലും കഴിയാത്തവിധം ഈ പ്രശ്നം തദ്ദേശവാസികളെ ബുദ്ധിമുട്ടിലാക്കുന്നു. ഗവൺമെന്റ് ഇക്കാര്യത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കാൻ തയ്യാറാകണമെന്ന് ഞാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ചടയമംഗലം നിയോജകമണ്ഡലത്തിലെ ഇട്ടിവ, കോട്ടുക്കൽ വില്ലേജുകളിലെ 824, 664 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട ഭൂമിക്ക് 2002 വരെ കരം ഒടുക്കിവന്നു. എന്നാൽ കൊല്ലം സബ് കോടതിയിൽ ഐ. എ. 3349/2002, ഐ. എ 7/2003 എന്നീ നമ്പർ കേസുകളിൽ കൊല്ലം സബ് കോടതി 19-12-2002-ൽ ഒരു ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആ ഉത്തരവിൻ പ്രകാരം മേൽപ്പടി സർവ്വേ നമ്പരിൽപ്പെട്ട ഭൂമിയുടെ കരം മടുക്ക്, കൈമാറ്റം മുതലായ നടപടികൾ നടത്തരുത് എന്നു കാണിച്ചുകൊണ്ട് കോട്ടുക്കൽ, ഇട്ടിവ വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഈ വിഷയത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഒരു റിട്ട് കേസും നിലവിലുണ്ട്. മേൽപ്പടി ഭൂമിയുടെ കരം സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കക്ഷികൾ റവന്യൂ അദാലത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും കൊല്ലം സബ് കോടതിയുടെ മേൽപ്പറഞ്ഞ ഉത്തരവുപ്രകാരം മേൽ നടപടി സ്വീകരിക്കാൻ കഴിയാതെ വന്നിട്ടുള്ളതാണെന്ന വിവരവും കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ ഗവൺമെന്റ് മനസ്സിലാക്കുന്നു, മെമ്പർ പറഞ്ഞ കാര്യങ്ങളോട് ഗവൺമെന്റിന് യോജിപ്പുണ്ട്. പക്ഷേ കോടതിയുടെ വിലക്ക് കാരണം ഇക്കാര്യത്തിൽ ഇപ്പോൾ ഒന്നും ചെയ്യാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly